നം.കെ.എസ്.എ-കെ.ടി.എം.പി4/1514/2017 തീയതി : 19.10.2017

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.11.2016 മുതൽ 31.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2017 മുതൽ 28.9.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക്ക് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഡോ.റാണി ജോസഫ് | 01.4.16 -31.03.17 |
| സെക്രട്ടറി | ശ്രീമതി രതി റ്റി.നായർ(സെക്രട്ടറി ഇൻ ചാർജ്) | 01.4.16 - 17.08.16 |
| | ശ്രീ.പി.ഡി.ജോയ് | 18.08.16- 17.11.16 |
| | ശ്രീ.ശ്രീകുമാർ എസ്. കൈമൾ(സെക്രട്ടറി ഇൻ ചാർജ്) | 18.11.16-17.01.17 |
| | ശ്രീമതി ഷീബാ സ്റ്റീഫൻ | 18.01.17- 31.03.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രതി റ്റി. നായർ | 01.04.16 - 08.11.16 |
| | ശ്രീ.ശ്രീകുമാർ എസ്.കൈമൾ | 09.11.16- 31.03.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സോജൻ കെ.എസ്. | 01.04.16 - 31.03.17 |

| | | |
|---|---|---|
| കൃഷിഓഫീസർ | ശ്രീമതി റീന കുര്യൻ | 01.04.16 - 31.03.17 |
| വെറ്ററിനറിസർജൻ | ശ്രീമതി ഷീബാ സെബാസ്റ്റ്യൻ | 01.04.16 - 31.03.17 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജൂലി ജോസ് | 01.04.16 - 31.03.17 |
| വി.ഇ.ഒ | ശ്രീ.ബിബാൽ കെ.റാം | 01.04.16 - 31.03.17 |
| | ശ്രീ.സനൽ എസ്. | 01.04.16 - 31.03.17 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി മേരിക്കുട്ടി കെ.സി. | 01.04.16 - 31.03.17 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.മാത്യൂസ് ജി.മുരിക്കൻ | 01.04.16 - 31.03.17 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുനിത ജോർജ്ജ് | 01.04.16 - 31.03.17 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.കെ.ആർ.ഇന്ദിര | 01.04.16 - 16.08.16 |
| | ഡോ.പ്രീതി ജി.നായർ | 17.08.16- 31.03.17 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഉഷാകുമാരി വി.പി. | 01.04.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |

| | |
|---|---|
| 2-2-1 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല |
| 2-2-2 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി |
| 2-2-3 | വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-2-4 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ കുറവ് |
| 2-2-5 | ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതിനിർണ്ണയം- കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ആകെ തറവിസ്തീർണ്ണം പരിഗണിച്ചിട്ടില്ല- വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ് |
| 2-3 | ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-4 | ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 2-5 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ചതിൽ വിനിയോഗിക്കുവാൻ സാധ്യമല്ലാത്ത തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കമ്പ്യൂട്ടർ ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ വാങ്ങലിന് സർക്കാർ നിർദ്ദേശം പാലിച്ചില്ല. ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-2 | ബിറ്റുമിൻ- ബാരൽ വില ഈടാക്കിയിട്ടില്ല |
| 3-3 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ (പ്രോജക്ട് നം 50/17)- മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല--81,965 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | ഹോമിയോ മരുന്നുവാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല--1,84,115 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | ഫാറങ്ങളുടേയും രജിസ്റ്ററുകളുടേയും വാങ്ങലിനായി തുക അടയ്ക്കുന്നത് ക്രമീകരിക്കുന്നില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 3-6 | ആർജ്ജിതാവധി ക്രമീകരിച്ചിട്ടില്ല |
| 3-7 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു |
| 3-8 | ആശ്രയ പദ്ധതി--വീട് മെയിന്റനൻസ് തുക സിഡിഎസ് അക്കൗണ്ടിൽ അവശേഷിക്കുന്നു |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |



## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 3.3.2016 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 7,02,081 | 1,25,03,501 | 1,18,01,420 | | 1681 |
| വരവ് | 9,23,16,775 | 3,91,91,725 | | 5,31,25,050 | 58 |
| ആകെ | 9,96,18,856 | 5,16,95,226 | | 4,79,23,630 | 48 |
| ചെലവ് | 9,53,13,801 | 3,56,25,563 | | 5,96,88,238 | 63 |
| നീക്കിയിരിപ്പ് | 43,05,055 | 1,60,69,663 | 1,17,64,608 | | 273 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയാറാക്കേണ്ടതും ബജറ്റും യഥാർഥ തുകകളും തമ്മിലെ അന്തരം ലഘൂകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 03.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-2017 | 2016-17 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,25,03,501 |
| വരവ് | 3,91,91,725 |
| ആകെ | 5,16,95,226 |
| ചെലവ് | 3,56,25,563 |
| നീക്കിയിരിപ്പ് | 1,60,69,663 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 90,29,062 | 90,29,062 | 84,51,381 | 5,77,681 | 93.6 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15,51,210 | 15,51,210 | 14,49,357 | 1,01,853 | 93.43 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 56,028 | 56,028 | 0 | 56,028 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 47,31,801 | 47,31,801 | 37,40,898 | 9,90,903 | 79 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,54,755 | 25,54,755 | 23,14,917 | 2,39,838 | 90.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 50,64,046 | 50,64,046 | 35,64,262 | 14,99,784 | 70.38 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 26,51,717 | 26,51,717 | 7,53,863 | 18,97,854 | 28.34 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 0 | 70,30,836 | 70,30,836 | 70,26,040 | 4,796 | 99.93 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 141 | 4,46,76,989 | 116 | 2,25,23,712 | 25 | 83.6 |

2016-17 വാർഷിക പദ്ധതിക്ക് 09.09.2016 ലെ 490/16/DPC/DPO/KTM നമ്പർ തീരുമാനപ്രകാരം പ്രകാരം അംഗീകാരം ലഭിച്ചു.

<u>പദ്ധതി ആസൂത്രണം</u>

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 04.06.2016, 13.06.2016 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 7/2016 വിവിധ തീയതികളിലും വികസനസെമിനാർ 16.07.2016 തീയതിയിലും കൂടിയിട്ടുണ്ട്.

<u>വാർഷിക പദ്ധതി</u>

ഉത്പാദനമേഖലയിൽ സമഗ്രനെൽകൃഷിവികസനം, വനിതകൾക്ക് കറവപശുവിനെ ലഭ്യമാക്കൽ, വനിതകൾക്ക് മുട്ടക്കോഴി വിതരണം, കന്നുകുട്ടിപരിപാലനം, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി. സേവനമേഖലയിൽ ശാരിരിക മാനസികവെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം പദ്ധതികളും നടപ്പിലാക്കി.

തൊഴിൽരഹിതരായ യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി, ഭവനനിർമ്മാണം, പശ്ചാത്തലമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തെരുവ് വിളക്കുകളുടെ പരിപാലനം, റോഡ് മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായി.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 23,24,130 | 53,69,977 | (+)3045847 | (+)131 |
| നികുതിയേതര വരവുകൾ | 5,57,723 | 13,53,521 | (+)795798 | (+)143 |
| മറ്റുവരവുകൾ | 1,57,595 | 71,283 | (-)86312 | (-)55 |
| ആകെ | 30,39,448 | 67,94,781 | (+)3755333 | (+)123.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,51,360 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 22,49,810 | 251 |
| വിധവാപെൻഷൻ | 45,23,260 | 444 |
| വാർദ്ധക്യകാലപെൻഷൻ | 1,02,17,255 | 1135 |
| വികലാംഗപെൻഷൻ | 12,40,375 | 152 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 2,34,780 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30,000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2017 തീയതി 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,131 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ട്. വരവിനങ്ങളുടെയെല്ലാം ഡി സി ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകൾ ക്രമമായി ബൈന്റ് ചെയ്ത് അനുബന്ധ രേഖകളോടൊപ്പം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ എണ്ണം, ഓരോ തെരുവ് വിളക്കുകളുടേയും തരം/ഇനം എന്നീ ആധികാരിക വിവരങ്ങൾ വ്യക്തമാക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിന്റെ അഭാവത്തിൽ വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് ഒടുക്കാൻ സാധിക്കുന്ന വിധം മീറ്ററിങ്ങ് സമ്പ്രദായം അടിയന്തിരമായി ഏർപ്പെടുത്തി ഈ ഇനത്തിൽ ആവർത്തിച്ചുണ്ടാകുന്ന പാഴ്ച്ചെലവും ഒഴിവാക്കേണ്ടതാണ്.

കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ക്രമമായി സ്റ്റോക്ക് എൻട്രി വരുത്തുകയും സ്റ്റോക്ക് നമ്പർ

ഉപകരണത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ഇവയ്ക്ക് വേണ്ടി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങളുടെയും എ എം സി വിവരങ്ങൾ ചേർത്ത് പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടറുകൾക്ക് ഹാർഡ്‌വെയറിനും, സോഫ്റ്റ്‌വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സർക്കുലർ നം.86/2010/ഫിൻ 24.09.2010 ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം സൂക്ഷിക്കേണ്ടതാണ്. പെയിന്റ് ഉപയോഗിച്ച് ഓരോന്നിനും സ്റ്റോക്ക് നമ്പർ നൽകി ഫർണിച്ചറിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19, 20.08.2017 | 07/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2015 മുതൽ 09.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | എൽ ബി എ(എച്ച് ക്യൂ) 8 എയ2278/2015, 19.05.2015 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭബാക്കി 1,25,03,501 രൂപയും തൻവർഷവരവ് 3,91,91,725 രൂപയും തൻവർഷ ചെലവ് 3,56,25,563 രൂപയും വർഷാവസാന നീക്കിബാക്കി 1,60,69,663 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരമുള്ള ആകെ വരുമാനം 5,60,24,056 രൂപയും ചെലവ് 5,53,72,551 രൂപയും മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളായി(Prior Period Items) ഉൾപ്പെടുത്തിയ 4,20,705 രൂപ ഉൾപ്പെടെയുള്ള വരുമാനമിച്ചം 10,72,210 രൂപയുമാണ്. ബാലൻസ് ഷീറ്റ് പ്രകാരം 31.3.17 പ്രകാരമുള്ള ആകെ ആസ്തിമൂല്യം 9,77,17,562 രൂപയും ജനറൽഫണ്ട് ഒഴികെയുള്ള ബാധ്യത 8,76,60,809.40 രൂപയും അന്നേദിവസം ജനറൽഫണ്ട് പൊസിഷൻ 1,00,56,752.60 രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യറിസൽട്ടുകൾ പ്രതിപാദിക്കുന്ന വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ.എസ്.ജി.ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. ബി-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

| ശീർഷകം | തുക |
|---|---|
| 350200199- Recoveries Payable- Other Recoveries from Employees | 23,008 |
| 350300108- Government and Other dues payable- Royalty | 5,000 |
| 350300199- Government and Other dues payable- Others | 1,77,346 |

4. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുക സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 2-2-1 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും)ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ പൂർത്തിയായിട്ടില്ല. 1993-94ലെ അസ്സമെന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ 5542 കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി(ബേസ് ഡേറ്റാ) സഞ്ചയയിൽ പൂർത്തിയാക്കി ഫോറം 6 ജനറേറ്റ് ചെയ്ത്, ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്)144/2015, 26.12.2015-ലെ

ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. സഞ്ചയയിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ട് പ്രകാരം ആകെയുള്ള 7884 രസീതുകളിൽ 7521 എണ്ണമാണ് മാപ്പ് ചെയ്തിട്ടുള്ളത്. ആവശേഷിക്കുന്ന 363 രസീതുകളുടെ ഡിസ്ക്രീപൻസി പരിഹരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സാംഖ്യയിൽ നിന്നും സഞ്ചയയിൽ നിന്നുള്ളതുമായ തൻവർഷത്തെ വസ്തുനികുതി കളക്ഷൻ തുകയിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| കളക്ഷൻ | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| കറന്റ്(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ) | 20,36,482 | 19,15,602 |
| അരിയർ(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ) | 21,18,962 | 22,18,289 |

'Discrepency Solving Steps' ലൂടെ അപാകതകൾ പരിഹരിച്ച് മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്ത് വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

## 2-2-2 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി

ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ, 14.1.11 ന്റെ അടിസ്ഥാനത്തിൽ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി 500/- രൂപയായി 2013-14 വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട് (13.10.2011ലെ എ4.4519/11 നമ്പർ വിജ്ഞാപനം). സഞ്ചയ പ്രോപർട്ടി ടാക്സ് മൊഡ്യൂൾ പ്രകാരം 11 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഇവയിൽ 3 ടവറുകളുടെ വസ്തുനികുതി നാളിതുവരെ പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേരും വിലാസവും | വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി(ച.മീറ്ററിന് 500 രൂപ നിരക്കിൽ- ബാധകമായ ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം) (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 1/198 | വോഡാഫോൺ എസ്സാർ ലിമിറ്റഡ് | 28.6 | 17,160 | കുടിശ്ശികയില്ല |
| 2 | 1/229 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 7.75 | 4,650 | " " |
| 3 | 3/120 എ | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 16 | 7,200 | " " |
| 4 | 3/347 എ | വോഡാഫോൺ എസ്സാർ ലിമിറ്റഡ് | 32 | 14,400 | " " |
| 5 | 4/269 | വോഡാഫോൺ എസ്സാർ ലിമിറ്റഡ് | 25 | 10,000 | " " |
| 6 | 4/271 എ | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 27 | 13,500 | " " |
| 7 | 5/272 എ | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 14.5 | 5,800 | 2013-14 മുതൽ |
| 8 | 9/24 എ | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 12.6 | 6,930 | കുടിശ്ശികയില്ല |
| 9 | 12/120 എ | വയർലെസ് ടി ടി ഇൻഫ്രാടെൽ ലിമിറ്റഡ് | 13.2 | 5,940 | 2013-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| 10 | 13/375 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 25 | 11,250 | 2013-14 മുതൽ |
| 11 | 14/257 എ | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 14.23 | 7,827 | കുടിശ്ശികയില്ല |

കുടിശ്ശികയുള്ള വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ക്രമ നം.2,8,9,11 ആയുള്ള ടവറുകളുടെ തറവിസ്തീർണ്ണം മറ്റ് ടവറുകളെ അപേക്ഷിച്ച് കുറവാണ്. പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ ഇവയുടെ തറവിസ്തീർണ്ണം പുനപരിശോധിക്കേണ്ടതാണ്. പഞ്ചായത്ത് കോമ്പൗണ്ടിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ. ടവറിന്റെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല. ഇത് അടിയന്തിരമായി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് 19.10.2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം.40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതുമാണ്.

## 2-2-3 വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം.36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ, താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്

| ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തീരുമാനിച്ച് പഞ്ചായത്ത് ഭരണസമിതി വിജ്ഞാപനം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല(എൻക്വയറി നം.5). ആയതിനാൽ മേൽ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

## 2-2-4 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ കുറവ്

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ കുറവ് സംഭവിച്ചതായി കാണുന്നു.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ പ്രത്യേക കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ ഒരു ച.മീറ്ററിന് 60 രൂപ

നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>കെട്ടിട ഉടമയുടെ പേര്, വിലാസം</th><th>വാർഡ്/കെട്ടിട നം.</th><th>വിസ്തീർണ്ണം (ച..മീ)</th><th>നിർണയിച്ച നികുതി</th><th>നിർണയിക്കേണ്ട നികുതി</th></tr>
<tr><td>1</td><td>പ്രസിഡന്റ്, സെക്രട്ടറി, സരസ്വതി വിലാസം കരയോഗം ആണ്ടൂർ</td><td>6/305 A</td><td>33.09</td><td>2383(അടിസ്ഥാന നികുതി ച.മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധനവ് 20%)</td><td rowspan="5">11,145(അടിസ്ഥാന നികുതി ച.മീറ്ററിന് 70/- രൂപ, റോഡ് തരം വർദ്ധനവ് 20%)</td></tr>
<tr><td>2</td><td></td><td>6/305 B</td><td>24.9</td><td>1793(അടിസ്ഥാന നികുതി ച.മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധനവ് 20%)</td></tr>
<tr><td>3</td><td></td><td>6/305 C</td><td>24.9</td><td>1793(അടിസ്ഥാന നികുതി ച.മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധന</td></tr>
<tr><td>4</td><td></td><td>6/305 D</td><td>24.9</td><td>1793(അടിസ്ഥാന നികുതി ച.മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധന</td></tr>
<tr><td>5</td><td></td><td>6/305 E</td><td>24.9</td><td>1793(അടിസ്ഥാന നികുതി ച.മീറ്ററിന് 60/- രൂപ, റോഡ് തരം വർദ്ധന</td></tr>
<tr><td></td><td></td><td></td><td>132.69</td><td>9555</td><td>11,145</td></tr>
</table>

പ്രത്യേകം പ്രത്യേകം നമ്പറിംഗ് നടത്തിയതുമൂലമുണ്ടായ കുറവ് പ്രതിവർഷം 1,590 രൂപയാണ് (11,145- 9555). വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2-5 ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതിനിർണ്ണയം- കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ആകെ തറവിസ്തീർണ്ണം പരിഗണിച്ചിട്ടില്ല- വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്

2016-17 വർഷം ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ജ്യോതീന്ദ്രനാഥൻ നമ്പൂതിരി, കുന്നത്തേട്ടില്ലം, മരങ്ങാട്ടുപിള്ളി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 6/214 A നമ്പരായുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം ചുവടെ ചേർക്കും പ്രകാരമാണ്:

| | |
|---|---|
| ഷീറ്റ് റൂഫ് കനോപ്പി | 136 ച.മീ |
| ഓഫീസ് | 28 ച.മീ |
| ആകെ | 164 ച.മീ |

എന്നാൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് ആകെ പരിഗണിച്ചിരിക്കുന്ന തറ വിസ്തീർണ്ണം 28 ച.മീറ്ററും, നിർണ്ണയിച്ചിരിക്കുന്ന നികുതി 2,016 രൂപയുമാണ്(അടിസ്ഥാന നികുതി ച.മീറ്ററിന് 60 രൂപ, വഴിസൗകര്യത്തിന് വർദ്ധനവ് 20%). കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം പരിഗണിച്ചിരുന്നുവെങ്കിൽ നിർണ്ണയിക്കേണ്ട നികുതി 11,808 രൂപയാണ്. (164x60=9840+1968)വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 സാമ്പത്തിക വർഷത്തെ ആന്റ് ഓ ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന താഴെ കൊടുക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ്

ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഇടപ്പറമ്പിൽ സൂപ്പർ മാർക്കറ്റ്, കുര്യനാട് |
| 2 | മിഡാസ് ഫാക്ടറി, മരങ്ങാട്ടുപിള്ളി |
| 3 | സൂര്യ ഗായത്രി പെട്രോൾ പമ്പ്, ഇല്ലിക്കൾ താഴെ |
| 4 | മരങ്ങാട്ടുപിള്ളി സോമിൽ, മരങ്ങാട്ടുപിള്ളി |
| 5 | ടി.ജെ.ടി ഗ്രൂപ്പ്, മരങ്ങാട്ടുപിള്ളി |
| 6 | ഇസഡ് പ്ലസ് ഗോൾഡ് കവറിംഗ് |
| 7 | ഹൈ കെയർ ഗ്ലാസ് ഹൗസ് പ്രൈവറ്റ് ലിമിറ്റഡ് |
| 8 | എച്ച്.പി പെട്രോൾ പമ്പ്, മരങ്ങാട്ടുപിള്ളി |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(2/26.09.17) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈകോ മാവേലി സ്റ്റോർ, മരങ്ങാട്ടുപിള്ളി | രണ്ടാം അർദ്ധ വർഷം |
| 2 | മിൽക്ക് സൊസൈറ്റി, കുര്യനാട് | രണ്ടാം അർദ്ധ വർഷം |
| 3 | ഹൈ കെയർ ഗ്ലൗസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 4 | മണ്ണക്കനാട് ക്ഷീരോൽപാദന സഹകരണ സംഘം, മണ്ണക്കനാട് | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 5 | ലേബർ ഇന്ത്യ പബ്ലിക് സ്കൂൾ, മരങ്ങാട്ടുപിള്ളി | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈകോ മാവേലി സ്റ്റോർ, മരങ്ങാട്ടുപിള്ളി | രണ്ടാം അർദ്ധ വർഷം |
| 2 | എച്ച്.ഡി.എഫ്.സി ബാങ്ക്, മരങ്ങാട്ടുപിള്ളി | ഒന്നും രണ്ടും അർദ്ധ |

| | | |
|---|---|---|
| | | വർഷങ്ങൾ |
| 3 | ആൽഫാ മരിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ, മരങ്ങാട്ടുപിള്ളി | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 4 | സെക്രട്ടറി, മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക്, മരങ്ങാട്ടുപിള്ളി | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 5 | സെക്രട്ടറി മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക്, മണ്ണക്കനാട് | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 6 | സെക്രട്ടറി, മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക്, കുര്യനാട് | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |
| 7 | സെക്രട്ടറി, മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക്, കുറിച്ചിത്താനം | ഒന്നം രണ്ടും അർദ്ധ വർഷങ്ങൾ |

കുടിശ്ശിക നികുതി മേൽ സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(1/26.09.17) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-5 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ചതിൽ വിനിയോഗിക്കുവാൻ സാധ്യമല്ലാത്ത തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

മുൻ വർഷങ്ങളിൽ പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച് ഇനിയും വിനിയോഗിക്കുവാൻ സാധ്യതയില്ലാത്ത തുകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഫണ്ടിന്റെ വിവരം | തുക |
|---|---|---|
| 1 | പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മുൻവർഷങ്ങളിൽ ലഭിച്ചതിൽ ചെലവഴിച്ചതിനുശേഷം ബാക്കിയുള്ള തുക | 2,25,925 |
| 2 | പൈക്ക കലോത്സവം നടത്തുന്നതിന് 2010-11 വർഷം ലഭ്യമായതിൽ ബാക്കിയുള്ള തുക | 3,284 |

ഇനിയും ചെലവഴിക്കുവാൻ സാധ്യതയില്ലാത്ത പ്രസ്തുത തുകകൾ സർക്കാരിലേക്ക്/ബന്ധപ്പെട്ട ഏജൻസികളിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കമ്പ്യൂട്ടർ, ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ വാങ്ങലിന് സർക്കാർ നിർദേശം പാലിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ട് നം., പേര് | നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 122/17, കമ്പ്യൂട്ടർ, ലാപ്ടോപ്പ് വാങ്ങൽ | സെക്രട്ടറി | 2,00,000<br>(ലോക ബാങ്ക് വിഹിതം) | 1,58,100- ബിൽ നം.53/30.03.2017(അക്കൗണ്ട് ട്രാൻസ്ഫർ) |
| 2 | 173/17, വെറ്ററിനറി ഡിസ്പൻസറിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | വെറ്ററിനറി സർജൻ | 47,000(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) | 4,600- ചെക്ക് നം. 0604607/28.03.2017<br>ബിൽ നം.07/30.03.2017(അക്കൗണ്ട് |

| | | | | |
|---|---|---|---|---|
| | | | 5000 (തനത് ഫണ്ട്) | ട്രാൻസ്ഫർ)47,000- |
| | | | ആകെ- 52,000 | ആകെ- 51,600 |

സെക്രട്ടറി നടപ്പാക്കിയ മേൽപരാമർശിത ക്രമ നം.1 പ്രോജക്ട് പ്രകാരം, ലെമൺ ഗ്രാസ് സൊല്യൂഷൻസ്, മരങ്ങാട്ടുപിള്ളി എന്ന സ്ഥാപനത്തിൽ നിന്നും 3 ഡെസ്ക്ടോപ്പ് കംപ്യൂട്ടർ(Acer Veriton 641 K, Core i3 6th Generation Processor, 4 GB RAM, 1 TB Hard Disk, Keyboard, Optical Mouse, Windows 10 Professional, LG DVD R/W), 1 ലാപ്ടോപ്പ്(HP – AY 173tu, Quad Core Processor, 4 GB RAM, 1 TB Hard Disk, Windows 10 Home Basic) എന്നിവയും, വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽപരാമർശിത ക്രമ നം.2 പ്രോജക്ട് പ്രകാരം ലെമൺ ഗ്രാസ് സൊല്യൂഷൻസ്, മരങ്ങാട്ടുപിള്ളി യിൽ നിന്നും 1 ഡെസ്ക്ടോപ്പ് കംപ്യൂട്ടർ(Acer Veriton 4091 K, Dual Core Processor, 4 GB RAM, 1 TB Hard Disk, Keyboard, Optical Mouse, Windows 10 Professional, LG DVD R/W), ലേസർ പ്രിന്റർ(Canon 3010 B), യു.പി.എസ്(V Gurad 600 VA UPS Slender Plus) എന്നിവയും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) വിതരണ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. തൻമൂലം വിൽപനാനന്തര സേവനങ്ങൾ പ്രദാനം ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങളിൽ പരിരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞില്ല.

(2) 03.07.2012-ലെ സ.ഉ(സാധാ)1838/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ വാങ്ങുന്ന ഡെസ്ക്ടോപ് കമ്പ്യൂട്ടറുകൾക്ക് 5 വർഷം, യു പി എസിനും പ്രിന്ററിനും 3 വർഷവും പരിപൂർണ വാറന്റി ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ക്വട്ടേഷനിലും, ക്യാഷ് ബില്ലിലും കമ്പ്യൂട്ടറിന് 3 വർഷം, യു പി എസിന് 2 വർഷം, പ്രിന്ററിന് 1 വർഷവുമാണ് വാറന്റി പരാമർശിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ സാമഗ്രികൾക്ക് സർക്കാർ നിശ്ചയിച്ച വാറന്റി കാലയളവ് ഉറപ്പാക്കിയിട്ടില്ലെങ്കിൽ തകരാർ സംഭവിക്കുന്നപക്ഷം പൊതു ധനം അനാവശ്യമായി വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യമുണ്ടാവുന്നതാണ്.

(3) തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പിന്റെ 16.01.2016ലെ ത.സ്വ.ഭ.വ.എ.ബി 2/703/2015 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല.

വിശദീകരണം നൽകുവാൻ അവശ്യപ്പെട്ടുകൊണ്ട് നൽകിയ 28.09.2017 ലെ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി നൽകിയില്ല. ആയതിനാൽ പ്രോജക്ട് നം.122/17 പ്രകാരമുള്ള 1,58,100 രൂപയുടേയും പ്രോജക്ട് നം.173/17 പ്രകാരമുള്ള ചെലവായ 51,600 രൂപയുടേയും ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ബിറ്റുമിൻ- ബാരൽ വില ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ(DSR പ്രകാരമുള്ളത്)ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില നികുതി സഹിതം ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതുമൂലം കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.&പേര് | ബിറ്റുമിൻ ഉപയോഗം | കൺവീനർ/കോൺട്രാക്ടർ | നിരക്ക്(1 ബാരലിന് 238 രൂപ ക്രമത്തിൽ) | മൂല്യവർദ്ധിത നികുതി | ആകെ |
|---|---|---|---|---|---|---|
| 1 | 60/17 മനയത്ത്-മണിയാക്കുപാറ റോഡ് റീടാറിംഗ് | 26 ബാരൽ | ശ്രീ.റ്റി.കെ.സിറിയക്ക് | 6188(26x238) | 897 | 7,085 |
| 2 | 61/17 ചെമ്പനാൽ കരിക്കാട്ടു കണ്ണിയേൽ റോഡ് റീടാറിംഗ് | 12 ബാരൽ | ശ്രീ.മനോജ് സി.എ. | 2856(12x238) | 414 | 3,270 |
| | ആകെ | | | 9044 | 1311 | 10,355 |

അധികം നൽകിയ 9,044 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റിനത്തിൽ ലഭിക്കേണ്ടിയിരുന്ന 1,311 രൂപ സംസ്ഥാന സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ (പ്രോജക്റ്റ് നം 50/17)- മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല--81,965 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്റ്റിനായി ആകെ 6,00,000 രൂപ ഔഷധി തൃശ്ശൂരിന് നൽകിയിട്ടുണ്ട്. (ഡി.ഡി.നം.675293/26.12.2016). എന്നാൽ 5,18,035/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളു. ബാക്കി 81,965/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 81,965/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 ഹോമിയോ മരുന്നുവാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല--1,84,115 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി ഇളക്കാട് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 46/17 നം. പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഹോമിയോ മരുന്ന് വാങ്ങുന്നതിനായി 4,00,000/-രൂപ (ഡി.ഡി.നം.67522724.11.16) ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം(തുക) | ലഭിച്ച മരുന്നുകളുടെ വിവരം(തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) |
|---|---|---|---|---|
| 1 | ഗവ. ഹോമിയോ ഡിസ്പെൻസറി ഇളക്കാട് | 1,10,000/- | 59,680/- | 50,320/- |
| 2 | എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി മരങ്ങാട്ടുപിള്ളി | 1,45,000 | 64,970/- | 80,030/- |
| 3 | എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി കര്യനാട് | 1,45,000 | 91,235/- | 53,765/- |

ആകെ 1,84,115/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 1,84,115/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 3-5 ഫാറങ്ങളുടേയും രജിസ്റ്ററുകളുടേയും വാങ്ങലിനായി തുക അടയ്ക്കുന്നത് ക്രമീകരിക്കുന്നില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

17.10.16ലെ 21600506നം.വൗച്ചർ പ്രകാരം ഫാറങ്ങളും രജിസ്റ്ററുകളും വാങ്ങുന്നതിനായി കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് 87,475 രൂപ ഡി.ഡി.നം.675103/17.10.2016 ആയി നല്കിയിട്ടുണ്ട്. എന്നാൽ 25.10.2016ലെ 993 നം. ഇൻവോയിസ് പ്രകാരം 67,833 രൂപയുടെ ഫാറങ്ങളും രജിസ്റ്ററുകളും മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 19,642 രൂപ തുടർന്നുള്ള വാങ്ങലിനായി അടയ്ക്കുന്ന തുകയുടെ കൂടെച്ചേർത്ത് പിന്നീട്ടുള്ള വാങ്ങൽ നടത്തി ക്രമീകരിക്കുകയാണെന്ന് വാക്കാൽ അറിയാനിടയായി. എന്നാൽ 2013-14 വർഷം 51300286/02.01.14 നം. വൗച്ചർ പ്രകാരം 63,766 രൂപ അടയ്ക്കുകയും ലഭ്യമായ ഫാറങ്ങളുടേയും രജിസ്റ്ററുകളുടേയും വിലയായ 47,709 രൂപ കുറച്ച് ബാക്കി തിരികെ ലഭിക്കാനുള്ള 16,057 രൂപ തൻ വർഷത്തെ വാങ്ങലിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതു പഞ്ചായത്ത് ഫണ്ടിന്റെ ആവർത്തന നഷ്ടമാണ്. പഞ്ചായത്തിൽ ഫാറങ്ങളും രജിസ്റ്ററുകളും വാങ്ങുന്നതിനായി നാളിതുവരെ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അടച്ച തുകയുടേയും വാങ്ങലിനുശേഷം ബാക്കിയുള്ള തുകയുടേയും വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.03/16-17) 16,057 രൂപയുടെ ചെലവ് സംബന്ധിച്ച് ഗ്രാമലക്ഷ്മി മുദ്രാലയത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫാറങ്ങളും രജിസ്റ്ററുകളും വാങ്ങുന്നതിനായി നാളിതുവരെ ഗ്രാമലക്ഷ്മിക്ക് പഞ്ചായത്ത് അടവാക്കിയ തുകയുടേയും വാങ്ങലിനുശേഷം തിരികെ ലഭിക്കേണ്ട തുകകളുടേയും വിശദാംശങ്ങൾ ഓഡിറ്റിൽ

ലഭ്യമാക്കേണ്ടതാണ്. വിവരം ലഭ്യമാക്കുന്നതുവരെ 16,057 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ആർജ്ജിതാവധി ക്രമീകരിച്ചിട്ടില്ല

ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കിയവരുടെ ആർജ്ജിതാവധി റീകാസ്റ്റ് ചെയ്തിട്ടില്ലായെന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | ഉദ്യോഗപേര് | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|
| ശ്രീകലകുമാരി എം.എസ്. | സീനിയർ ക്ലാർക്ക് | 28.07.2008 |
| അനീഷ് പി.കെ. | ,, | 01.04.2010 |
| പ്രമോദ് പി.എ. | ക്ലാർക്ക് | 05.11.2012 |
| ജയശ്രീ ജെ. | ,, | 23.03.2013 |
| സിന്ധു ഇ.എസ്. | ഓഫീസ് അറ്റൻഡന്റ് | 01.07.2013 |

മേൽ ജീവനക്കാരുടെ ആർജ്ജിതാവധി ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2016-17 വർഷം താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നമ്പർ | മുൻകൂർ നൽകിയ തുക | വൗച്ചർ നം., തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വില്ലേജ് ഓഫീസ്-പോക്കാട് റോഡ് സ്ട്രീറ്റ് മെയിൻ- 16/16-17 | 68,000 | 21601049, 30.03.2017 | ഇല്ല | 68,000 |
| " " | കെ.എസ്.ഇ.ബി. മരങ്ങാട്ടുപിള്ളി സെക്ഷനിലുള്ള സ്ട്രീറ്റ്ലൈറ്റുകൾക്ക് മീറ്റർ സംവിധാനം- 47/16-17 | 4,27,520 | 21601041, 42, 30.03.2017 | ഇല്ല | 4,27,520 |
| " " | ഇല്ലിക്കൽത്താഴം ഇല്ലിക്കൽ റോഡ് സ്ട്രീറ്റ് മെയിൻ- 129/16-17 | 40,800 | 21601060, 30.03.2017 | ഇല്ല | 40,800 |
| " " | മുണ്ടിയാനിപ്പുറം മാണിയാക്കുപാറ റോഡ് സ്ട്രീറ്റ് മെയിൻ- 126/16-17 | 76,500 | 21601043, 30.03.2017 | ഇല്ല | 76,500 |
| " " | കുറിച്ചിത്താനം ശാസ്താംപാറ റോഡ് സ്ട്രീറ്റ് മെയിൻ- 127/16-17 | 56,340 | 21601062, 30.03.2017 | ഇല്ല | 56,340 |
| " " | ആണ്ടൂർ കടക്കച്ചിറ റോഡ് സ്ട്രീറ്റ് മെയിൻ-128/16-17 | 40,800 | 21601061, 30.03.2017 | ഇല്ല | 40,800 |
| " " | വെറ്ററിനറി ഹോസ്പിറ്റൽ ഗ്ലൗസ് ഫാക്ടറി റോഡ് സ്ട്രീറ്റ് മെയിൻ- 130/16-17 | 1,19,000 | 21601059, 30.03.2017 | ഇല്ല | 1,19,000 |
| " " | പൈക്കാട് നെട്ടമ്പാറ റോഡ് സ്ട്രീറ്റ് മെയിൻ- 131/16-17 | 82,025 | 21601058, 30.03.2017 | ഇല്ല | 82,025 |

| | | | | | |
|---|---|---|---|---|---|
| " " | കുളത്തോളിൽ കരിങ്ങാലി റോഡ് സ്ട്രീറ്റ് മെയിൻ- 132/16-17 | 81,600 | 21601057, 30.03.2017 | ഇല്ല | 81,600 |
| " " | നാട്ടുകുന്ന് ഓലിക്കാട് റോഡ് സ്ട്രീറ്റ് മെയിൻ- 133/16-17 | 40,800 | 21601056, 30.03.2017 | ഇല്ല | 40,800 |
| " " | മണമേൽ ഇല്ലിക്കൽ റോഡ് സ്ട്രീറ്റ് മെയിൻ- 134/16-17 | 40,375 | 21601044, 30.03.2017 | ഇല്ല | 40,375 |
| " " | പാറക്കുടി വാളമാനാൽ റോഡ് സ്ട്രീറ്റ് മെയിൻ-141/16-17 | 68,260 | 21601055, 30.03.2017 | ഇല്ല | 68,260 |
| " " | പാവക്കൽ മുണ്ടയാനിപ്പുറം റോഡ് സ്ട്രീറ്റ് മെയിൻ- 142/16-17 | 29,410 | 21601059, 30.03.2017 | ഇല്ല | 29,410 |
| " " | നാട്ടുകുന്ന് ഓലിക്കാട് റോഡ് സ്ട്രീറ്റ് മെയിൻ- 143/16-17 | 29,750 | 21601064, 30.03.2017 | ഇല്ല | 29,750 |
| " " | കുറിച്ചിത്താനം ശാസ്താംപാറ റോഡ് സ്ട്രീറ്റ് മെയിൻ- 144/16-17 | 69,000 | 21601053, 30.03.2017 | ഇല്ല | 69,000 |
| " " | ഉുറവിക്കൽ ആലക്കപ്പിള്ളി റോഡ് സ്ട്രീറ്റ് മെയിൻ- 146/16-17 | 52,615 | 21601052, 30.03.2017 | ഇല്ല | 52,615 |
| " " | ഇല്ലിക്കൽ നെല്ലാനിക്കാട്ടുപാറ റോഡ് സ്ട്രീറ്റ് മെയിൻ- 148/16-17 | 29,915 | 21601071, 30.03.2017 | ഇല്ല | 29,915 |
| " " | ആണ്ടൂർ കുടക്കച്ചിറ റോഡ് സ്ട്രീറ്റ് മെയിൻ- 150/16-17 | 29,750 | 21401051, 30.03.2017 | ഇല്ല | 29,750 |
| " " | മരങ്ങാട്ടുപിള്ളി കണ്ണഞ്ചിറ ആരംമ്പുളി റോഡ് സ്ട്രീറ്റ് മെയിൻ- 151/16-17 | 69,955 | 21601050, 30.03.2017 | ഇല്ല | 69,955 |
| ആകെ | | 14,52,415 | | | 14,52,415 |

ചെലവ് തുകകളുടെ വിനിയോഗ/പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 14,52,415/--രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ പദ്ധതി- വീട് മെയിന്റനൻസ് തുക സിഡിഎസ് അക്കൗണ്ടിൽ അവശേഷിക്കുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ആശ്രയ പദ്ധതി വീട് മെയിന്റനൻസ്(പ്രോജക്ട് നം. -118/17)നടപ്പിലാക്കുന്നതിന്റെ ഭാഗമായി വികസനഫണ്ട് വിഹിതം 95,057/- രൂപയും തനത് ഫണ്ട് 4,943/- സിഡിഎസ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചിട്ടില്ല. തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സിഡിഎസ് അക്കൗണ്ടിൽ ചലഞ്ച്ഫണ്ട് ഉൾപ്പെടെ 8,10,518/--ചെലവഴിക്കാൻ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ ആശ്രയ പദ്ധതിക്ക് നൽകിയ തുകയിൽ ചെലവഴിക്കാത്ത തുക കണ്ടെത്തി പദ്ധതികൾ പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,25,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,25,000 | -- |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,11,425 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,11,425 | -- |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,20,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,22,000 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നമ്പർ | മുൻകൂർ നൽകിയ തുക | വൗച്ചർ നം., തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വില്ലേജ് ഓഫീസ്-പോക്കാട് റോഡ് സ്ട്രീറ്റ് മെയിൻ- 16/16-17 | 68,000 | 21601049, 30.03.2017 | ഇല്ല | 68,000 |
| " " | കെ.എസ്.ഇ.ബി. മരങ്ങാട്ടുപിള്ളി സെക്ഷനിലുള്ള സ്ട്രീറ്റ്ലൈറ്റുകൾക്ക് മീറ്റർ സംവിധാനം- 47/16-17 | 4,27,520 | 21601041, 42, 30.03.2017 | ഇല്ല | 4,27,520 |
| " " | ഇല്ലിക്കൽത്താഴം ഇല്ലിക്കൽ റോഡ് സ്ട്രീറ്റ് മെയിൻ- 124/16-17 | 40,800 | 21601060, 30.03.2017 | ഇല്ല | 40,800 |
| " " | മുണ്ടിയാനിപ്പുറം മാണിയാക്കുപാറ റോഡ് സ്ട്രീറ്റ് മെയിൻ- 16/16-17 | 76,500 | 21601043, 30.03.2017 | ഇല്ല | 76,500 |
| " " | കുറിച്ചിത്താനം ശാസ്താംപാറ റോഡ് സ്ട്രീറ്റ് മെയിൻ- 127/16-17 | 56,340 | 21601062, 30.03.2017 | ഇല്ല | 56,340 |
| " " | ആണ്ടൂർ കുടക്കച്ചിറ റോഡ് സ്ട്രീറ്റ് മെയിൻ-128/16-17 | 40,800 | 21601061, 30.03.2017 | ഇല്ല | 40,800 |
| " " | വെറ്ററിനറി ഹോസ്പിറ്റൽ ഗ്ലൗസ് ഫാക്ടറി റോഡ് സ്ട്രീറ്റ് മെയിൻ- 130/16-17 | 1,19,000 | 21601059, 30.03.2017 | ഇല്ല | 1,19,000 |
| " " | പൈക്കാട് നെടുമ്പാറ റോഡ് സ്ട്രീറ്റ് മെയിൻ- 131/16-17 | 82,025 | 21601058, 30.03.2017 | ഇല്ല | 82,025 |
| " " | കുളത്തോളിൽ കരിങ്ങാലി റോഡ് സ്ട്രീറ്റ് മെയിൻ- 132/16-17 | 81,600 | 21601057, 30.03.2017 | ഇല്ല | 81,600 |
| " " | നാട്ടുകുന്ന് ഓലിക്കാട് റോഡ് സ്ട്രീറ്റ് മെയിൻ- 133/16-17 | 40,800 | 21601056, 30.03.2017 | ഇല്ല | 40,800 |
| " " | മണമേൽ ഇല്ലിക്കൽ റോഡ് സ്ട്രീറ്റ് മെയിൻ- 134/16-17 | 40,375 | 21601044, 30.03.2017 | ഇല്ല | 40,375 |
| " " | പാറക്കുടി വാളമാനാൽ റോഡ് സ്ട്രീറ്റ് മെയിൻ-141/16-17 | 68,260 | 21601055, 30.03.2017 | ഇല്ല | 68,260 |
| " " | പാവക്കൽ മുണ്ടയാനിപ്പുറം റോഡ് സ്ട്രീറ്റ് മെയിൻ- 142/16-17 | 29,410 | 21601059, 30.03.2017 | ഇല്ല | 29,410 |
| " " | നാട്ടുകുന്ന് ഓലിക്കാട് റോഡ് സ്ട്രീറ്റ് മെയിൻ- 143/16-17 | 29,750 | 21601064, 30.03.2017 | ഇല്ല | 29,750 |

| | | | | | |
|---|---|---|---|---|---|
| " " | കുറിച്ചിത്താനം ശാസ്താംപാറ റോഡ് സ്ട്രീറ്റ് മെയിൻ- 144/16-17 | 69,000 | 21601053, 30.03.2017 | ഇല്ല | 69,000 |
| " " | ഉറവിക്കൽ ആലക്കപ്പിള്ളി റോഡ് സ്ട്രീറ്റ് മെയിൻ- 146/16-17 | 52,615 | 21601052, 30.03.2017 | ഇല്ല | 52,615 |
| " " | ഇല്ലിക്കൽ നെല്ലാനിക്കാട്ടുപാറ റോഡ് സ്ട്രീറ്റ് മെയിൻ- 148/16-17 | 29,915 | 21601071, 30.03.2017 | ഇല്ല | 29,915 |
| " " | ആണ്ടൂർ കുടക്കച്ചിറ റോഡ് സ്ട്രീറ്റ് മെയിൻ- 150/16-17 | 29,750 | 21401051, 30.03.2017 | ഇല്ല | 29,750 |
| " " | മരങ്ങാട്ടുപിള്ളി കണ്ണഞ്ചിറ ആരംമ്പുളി റോഡ് സ്ട്രീറ്റ് മെയിൻ- 151/16-17 | 69,955 | 21601050, 30.03.2017 | ഇല്ല | 69,955 |
| ആകെ | | 14,52,415 | | | 14,52,415 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

2016-17 വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ തൻവർഷം 41,20,000 രൂപ വരവുണ്ട്. തൻ വർഷം തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ചത് | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവനപദ്ധതി | 1,12,00,000 | 30,36,505 | 9,68,505 | 6,69,484 | 61,88,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നമ്പർ 44037, തീയതി 02.01.08, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 15,000 |
| നമ്പർ 50596, തീയതി 11.02.10, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 10,000 |
| ആകെ | 25,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-3 | 2011-12 | 2-6 | നിക്ഷേപപ്രവർത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല കെ.എസ്.ഇ.ബി.97360 | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| -- | -- | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത ഉപാധിരഹിത ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക--1,90,077 രൂപ | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,16,95,226(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,56,25,563 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,44,252 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,58,100 | ഷീബാ സ്റ്റീഫൻ, സെക്രട്ടറി |
| 3-1 | 51,600 | ഷീബാ സെബാസ്റ്റ്യൻ, വെറ്ററിനറിസർജൻ |
| 3-3 | 81,965 | ഡോ പ്രീതി ജി നായർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-4 | 1,84,115 | ഡോ സുനിത ജോർജ്ജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-5 | 16,057 | ശ്രീ.പി.ഡി.ജോയി, സെക്രട്ടറി |
| 3-7 | 14,52,415 | ഷീബാ സ്റ്റീഫൻ, സെക്രട്ടറി |
| ആകെ | 19,44,252 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഖണ്ഡിക 3-2, തുക 1,311 രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 | എൽ.എഫ്.കെ.പി.4/312/എ ഡി എൽ /14/29.05.14 | 1 |
| 00-01 | എൽ.എഫ്.കെ.പി.1/960/അദാ/കെ2 /1/29.08.11 | 10 |
| 00-01&01-02 ജനകീയാസൂത്രണം | എൽ.എഫ്.കെ.പി.10/1357 /07/20.06.2008 | 7 |
| 03-04 | എൽ.എഫ്.കെ.പി4/309/14/14.07.14 | 2 |
| 04-05 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 1 |
| 05-06 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 2 |
| 06-07 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 3 |
| 07-08 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 3 |
| 08-09 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 3 |
| 09-10 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 6 |
| 10-11&11-12 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 10 |
| 12-13 | എൽ.എഫ്.കെ.പി4/407/15, 16.04.16 | 3 |
| 2013-14 | എൽ.എഫ്.കെ.പി4/264/15, 31.03.16 | 4 |
| 2014-15 | എൽ.എഫ്.കെ.പി4/1124/15, 03.08.16 | 10 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.4-1831/2016, 05.12.2016 | 10 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി4/1514/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 19.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം